പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 614** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇ.എസ്.എ. കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട വില്ലേജുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 11 വില്ലേജുകളിൽ 6 വില്ലേജുകളും നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026 ലെ കേന്ദ്ര വനം പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന്റെ ESA കരട് വിജ്ഞാപന പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ താഴെപ്പറയുന്ന 11 വില്ലേജുകളാണ് കരട് ഇ.എ സ്.എ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

1. അകമ്പാടം

2. അമരമ്പലം

3. ചോക്കാട്

4. ചുങ്കത്തറ

5. കാളികാവ്

6. കരുളായി

7. കരുവാരക്കുണ്ട്

8. കേരള എസ്റ്റേറ്റ്

9. കുറുമ്പലങ്ങോട്

10. പോത്തുകല്ല്

11. വഴിക്കടവ്

സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 24.09.2026-ന് സമർപ്പിച്ച പരിഷ്കരിച്ച ESA നിർദ്ദേശത്തിൽ നിലമ്പൂർ താലൂക്കിലെ 10 വില്ലേജുകളിലെ ജനവാസ, കൃഷി, തോട്ടം മേഖലകളെ പൂർണ്ണമായും ESA യിൽ നിന്ന് ഒഴിവാക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കരട് വിജ്ഞാപനത്തിലെ 11 വില്ലേജുകളിൽ നിന്ന് ചുങ്കത്തറ ഒഴിവാക്കിയിട്ടുള്ളതാണ്.

**(ബി)** പ്രസ്തുത കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട 6 വില്ലേജുകളിലെ ജനവാസ മേഖലകളെ പൂർണ്ണമായും അന്തിമ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കുവാനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ജനവാസ മേഖലകളെ പൂർണ്ണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24.09.2026 -ൽ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം നിയോഗിച്ച ഉന്നതതല സംഘവുമായി ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ചൂണ്ടികാണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന നിയമസഭയിൽ പ്രത്യേക പ്രമേയം അവതരിപ്പിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**